# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.257** — **09/06/2014 ൽ മറുപടിക്ക്**

## വിജിലൻസ് കേസുകളുടെ എണ്ണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് അന്വേഷണത്തിന് കൈമാറിയ കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം അന്വേഷണം നടത്തുന്നതിനായി രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ്സുകളുടെ എണ്ണം നിലവിൽ 380 ആണ്. |
| (ബി) | ഈ കാലയളവിൽ സർക്കാർ പിൻവലിച്ച വിജിലൻസ് കേസ്സുകളുടെ എണ്ണവും കേസ്സ് സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ; | (ബി) | വിജിലൻസ് കേസ്സുകൾ പിൻവലിച്ചുകൊണ്ടുള്ള സർക്കാർ തീരുമാനം അംഗീകരിച്ചുകൊണ്ട് കോടതി കേസ്സുകൾ പിൻവലിക്കുന്നതിന് ഉത്തരവ് നൽകിയ കേസ്സുകളുടെ എണ്ണം 6 ആണ്. ഇവയുടെ വിജിലൻസ് കേസ്സ് നമ്പറും കേസ്സ് രജിസ്റ്റർ ചെയ്ത യൂണിറ്റിന്റെ വിവരങ്ങളും അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | പിൻവലിക്കുന്നതിനായി സർക്കാർ പരിഗണനയിലുള്ള കേസ്സുകളുടെ എണ്ണവും അവ സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ; | സി) | പിൻവലിക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിൽ കോടതിയുടെ തീർപ്പു ലഭിക്കാത്ത കേസ്സുകൾ എണ്ണം 5 ആണ്. ഇവയുടെ കേസ്സ് നമ്പർ, രജിസ്റ്റർ ചെയ്ത യൂണിറ്റ് എന്നീ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | നിലവിൽ വിജിലൻസിന്റെ പരിഗണനയിലുള്ള തീർപ്പാകാത്ത കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) | അന്വേഷണ ഘട്ടത്തിലുള്ള കേസ്സുകളും പ്രോസിക്യൂഷൻ ഘട്ടത്തിലുള്ള കേസ്സുകളും ഉൾപ്പെടെ 1577 എണ്ണമാണ് നിലവിൽ തീർപ്പാക്കാത്തവയായിട്ടുള്ളത്. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം I

| കേസ്സ് നമ്പർ | യൂണിറ്റ് |
|---|---|
| 1. വി.സി – 3/12/എസ്.ഐ.യു-I | സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-I, തിരുവനന്തപുരം |
| 2. വി.സി – 1/11/എസ്.ഐ.യു-II | സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-II തിരുവനന്തപുരം |
| 3. വി.സി – 6/09/സി.ആർ.ഇ | സി.ആർ.ഇ |
| 4. വി.സി – 7/09/സി.ആർ.ഇ | സി.ആർ.ഇ |
| 5. വി.സി – 3/97/കെ.എസ്.ഡി | കാസർഗോഡ് |
| 6. വി.സി – 12/03/എസ്.ഐ.യു | സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്, തിരുവനന്തപുരം |

## അനുബന്ധം II

| കേസ്സ് നമ്പർ | യൂണിറ്റ് |
|---|---|
| (1) വി.സി – 8/06/കെ.എൻ.ആർ | കണ്ണൂർ |
| (2) വി.സി – 12/03/കെ.എൻ.ആർ | കണ്ണൂർ |
| (3) വി.സി – 1/97/എസ്.സി.റ്റി | സ്പെഷ്യൽ സെൽ, തിരുവനന്തപുരം |
| (4) വി.സി – 12/03/എസ്.ഐ.യു | സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്, തിരുവനന്തപുരം |
| (5) വി.സി – 1/04/കെ.റ്റി.എം | കോട്ടയം |